**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 6613          09.07.2014 ലെ മറുപടിയ്ക്ക്

**കണ്ണപുരത്ത് സബ് ട്രഷറി**

**ചോദ്യം**          **ഉത്തരം**

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര ജില്ലാ ട്രഷറികളും സബ് ട്രഷറികളുമാണുള്ളതെന്ന് വ്യക്തമാക്കുമോ ; | : | കണ്ണൂർ ജില്ലയിൽ രണ്ടു ജില്ലാ ട്രഷറികളും (കണ്ണൂർ, മട്ടന്നൂർ), ഈ ട്രഷറികളുടെ കീഴിലായി 15 സബ് ട്രഷറികളും, ഒരു പെൻഷൻ പേയ്മെന്റ് സബ് ട്രഷറിയും (തലശ്ശേരി) നിലവിലുണ്ട്. |
| (ബി) | സബ് ട്രഷറി അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ; | : | സർക്കാരിന്റെ സാമ്പത്തിക ഇടപാടുകാർ, പെൻഷൻകാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ, സർക്കാരിലേക്കുള്ള വിവിധ തരം പണം ഒടുക്കലുകൾ, മുദ്രപ്പത്ര വിൽപ്പന എന്നിവയുടെ വ്യാപ്തിയാണ് പുതുതായി സബ് ട്രഷറി അനുവദിക്കുന്നതിന് നിലവിൽ സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ. |
| (സി) | ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളും, സർക്കാർ ഓഫീസുകളും, പെൻഷൻകാരെയും ഇരിണാവിലെ കോസ്റ്റ് ഗാർഡ് അക്കാദമിയെയും പരിഗണിച്ച് കണ്ണപുരത്തെ ചെറുകുന്ന് തറയിൽ കണ്ണപുരം, ചെറുകുന്ന്, കല്ല്യാശ്ശേരി, മാട്ടൂൽ പഞ്ചായത്തുകളെ പരിധിയാക്കി ഒരു സബ് ട്രഷറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | : | ട്രഷറി വകുപ്പിൽ ആധുനിക വൽക്കരണത്തിന്റെയും, കമ്പ്യൂട്ടർ വത്ക്കരണത്തിന്റെയും ഭാഗമായി കോർബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്റ്റിവിറ്റി, ഗ്രാസ് മുതലായ പുതിയ പദ്ധതികൾ നടപ്പിലാക്കി വരുന്നതിനാൽ ട്രഷറി ഇടപാടുകൾ കൂടുതൽ സുഗമമാകുന്നതാണ്. ഈ സാഹചര്യത്തിൽ പുതിയതായി ട്രഷറികൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

അക്കൗണ്ട്സ് ഓഫീസർ